**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 565** **28-06-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ-വാണിജ്യ മേഖലകളിലെ സർക്കാർ ഇടപെടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നിവയുടെ വളർച്ചയ്ക്കും, പുരോഗതിക്കും അതുവഴി വ്യവസായ-വാണിജ്യ മേഖലകൾക്ക് ഉത്തേജനം പകരാനും, തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; | (എ) | കേരളത്തിലെ സൂക്ഷ്മ - ചെറുകിട - ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ് 2018 പാസ്സാക്കിയിട്ടുണ്ട്. ഇത് കൂടാതെ കേരളാ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള ലൈസൻസുകളിലും ക്ലിയറൻസുകളിലും നിന്ന് ഒഴിവാക്കുന്നതിനായി 2019 -ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിലെ പരിശോധന ഏകോപിപ്പിച്ച് സുഗമമാക്കുന്നതിനായി കെ-സിസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിലെ സംരംഭകരുടെ പരാതി പരിഹാരത്തിനായി, 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് 2021 -ലെ ഭേദഗതിപ്രകാരം ജില്ലാ സംസ്ഥാന തലങ്ങളിൽ സിവിൽ കോടതിയുടെ അധികാരമുള്ള പരാതി പരിഹാര സംവിധാനം നിലവിൽ വന്നിട്ടുണ്ട്.<br><br>ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിച്ച് പ്രവർത്തനം നടന്നു വരുന്നു.<br><br>കൂടാതെ 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി കേരളാ ഗവണ്മെന്റ് |

| | | | |
|---|---|---|---|
| | | | പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്ത് സൂക്ഷ്മ - ചെറുകിട -ഇടത്തരം മേഖലയിലെ സംരംഭങ്ങളുടെ വളർച്ചയ്ക്കും പുരോഗതിയ്ക്കുമായി താഴെപ്പറയുന്ന വിവിധ ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്നുണ്ട്.<br><br>1. സംരംഭക സഹായ പദ്ധതി(ESS)<br><br>2.നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി<br><br>3.ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്<br><br>4.പ്രവർത്തന രഹിതമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ എം.എസ്.എം.ഇ. സംരംഭങ്ങൾക്കുള്ള പദ്ധതികൾ<br><br>a.Revival and rehabilitation scheme for defunct MSMEs and cashew processing units<br><br>b.The Kerala stressed MSMEs Revival & Rehabilitation Scheme<br><br>5.കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി<br><br>6.സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി<br><br>7.പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)<br><br>8.സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി.<br><br>കൂടാതെ 2022- 23 വർഷത്തെ ബഡ്ജറ്റിൽ MSME മേഖലയ്ക്കായി 45.6 കോടി രൂപയുടെ ഒരു വിപുലമായ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട് . |
| (ബി) | ഒരു വ്യവസായത്തിന് ആവശ്യമായ എല്ലാ അനുമതികളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്ന കെ-സ്വിഫ്റ്റ് | (ബി) | ഉണ്ട്. കെ-സ്വിഫ്റ്റ് പോർട്ടലിൽ ഇതുവരെ 41107 സംരംഭകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 5602 പേർ ലൈസൻസുകൾക്കുള്ള പൊതു അപേക്ഷ |

| | | | |
|---|---|---|---|
| | പോർട്ടലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഈ സംവിധാനം എത്രപേർ ഉപയോഗപ്പെടുത്തിയിട്ടുണ്ട്; | | സമർപ്പിച്ചിട്ടുണ്ട്. 2230 അനുമതികൾ പോർട്ടൽ വഴി ലഭിച്ചിട്ടുമുണ്ട്. കൂടാതെ 22428 പേർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സ്വയം സാക്ഷ്യപ്പെടുത്തൽ മുഖേന 2019 - ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരമുള്ള അക്നോളെഡ്ജ്മെന്റ് സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ട്. |
| (സി) | നാനോ വ്യവസായങ്ങൾ എന്ന നിർവ്വചന പരിധിയിൽ എത്ര രൂപ വരെ നിക്ഷേപമുള്ള പദ്ധതികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഇത്തരം പദ്ധതികൾക്ക് സർക്കാർ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത്? | (സി) | നാനോ വ്യവസായങ്ങൾ എന്ന നിർവ്വചന പരിധിയിൽ 10 ലക്ഷം രൂപ വരെ നിക്ഷേപമുള്ള പദ്ധതികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നാനോ വ്യവസായങ്ങൾക്കായി താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്<br><br>നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി<br><br>ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് |

സെക്ഷൻ ഓഫീസർ